പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2888 18/08/2017 ൽ മറുപടിയ്ക്ക്

# സംസ്ഥാന റീസർവ്വേ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | 1961-ലെ സർവ്വെ & ബൗണ്ടറീസ് ആക്ട്, 1964-ലെ റീസർവ്വേ ചട്ടങ്ങൾ എന്നിവ പ്രകാരം സംസ്ഥാന റീസർവ്വേ ആരംഭിച്ചത് എന്നാണ് എന്നും അതു മുതൽ നാളിതുവരെയുള്ള ഓരോ സർക്കാർ കാലയളവിലും റവന്യൂ വകുപ്പ് ചെയ്തു തീർത്ത പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും പൂർത്തിയാക്കിയവ സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ ; | (എ) | 06/10/1965 ലെ ജി.ഒ.(എം.എസ്സ്) 781/65/ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വേ ആരംഭിച്ചതുമുതൽ ഓരോ സർക്കാർ കാലയളവിലും സർവ്വെയും ഭൂരേഖയും വകുപ്പ് ചെയ്തു തീർത്ത റീസർവ്വേ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകൾ/താലൂക്കുകൾ ഉണ്ട് എന്നും ഇവയിൽ റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ/ താലൂക്കുകൾ എത്ര എന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 1664 വില്ലേജുകളും 75 താലൂക്കുകളും ഉണ്ട്. ഇതിൽ 885 വില്ലേജുകളിലും 24 താലൂക്കുകളിലും റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി ഉപഗ്രഹ സർവ്വേ, ഡിജിറ്റൈസേഷൻ ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് 14 ജില്ലകളിലും ജി.പി.എസ്. പ്രൈമറി/സെക്കന്ററി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകളുടെ മോണ്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കി 2 ജില്ലകളിൽ ജി.പി.എസ്. ഒബ്സർവേഷൻ നടത്തിയിട്ടുണ്ട്. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളുടെ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. നിശ്ചിത നിരക്കിൽ ഫീസ് ഒടുക്കിയാൽ 635 വില്ലേജുകളുടെ എഫ്.എം.ബി. കൾ erekha.kerala.gov.in എന്ന വെബ് പോർട്ടിലിൽ നിന്നും ഓൺലൈനായി ഭൂവുടമകൾക്ക് ലഭിക്കുന്നതാണ്. |

| | |
|---|---|
| (ഡി) ഇതിനായി സർവ്വേ/റവന്യൂ വകുപ്പ് ഓരോ വർഷത്തേയും ടാർജറ്റ് (തുടങ്ങിയതു മുതൽ) നിശ്ചയിച്ചുവോ എങ്കിൽ ടാർജറ്റ് പ്രക്രിയ എപ്പോൾ തുടങ്ങി; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു; അതിൻ പ്രകാരം ഇത് പൂർത്തിയാക്കിയ വില്ലേജ്/ താലൂക്കുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;<br>(ഇ) സംസ്ഥാനത്ത് റീസർവ്വേ പൂർണ്ണമായും നടപ്പാക്കി റവന്യൂ വകുപ്പിനു കീഴിൽ സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കാനും ശേഷിക്കുന്ന ഭൂമി കണ്ടെത്തി സർക്കാർ ഭൂമിയാക്കാനും പരാതിയുള്ളവർക്ക് പരാതി പരിഹരിക്കാൻ സമയപരിധി നിശ്ചയിച്ചു നൽകാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ഡി) & (ഇ) സംസ്ഥാനത്ത് സർക്കാർ ഭൂമിയിൽ മാത്രമായും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലും നിജപ്പെടുത്തിയിരുന്ന റീസർവ്വേ പ്രവർത്തനങ്ങൾ ഇപ്പോൾ പുനസ്ഥാപിച്ചിട്ടുണ്ട്. വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ റീസർവ്വേ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ വില്ലേജിലും റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് റവന്യൂ വകുപ്പിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. സർവ്വേ അതിരടയാള നിയമം അനുശാസിക്കുന്ന വിധം റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ ഭൂമി കണക്കിൽ ഉൾപ്പെടുത്തി റെക്കോർഡുകൾ തയ്യാറാക്കുന്നതാണ്. റീസർവ്വേ പൂർണ്ണമാകുന്നതിനു മുമ്പുള്ള പരാതികൾ ബന്ധപ്പെട്ട റീസർവ്വേ അധികാരികൾ മുഖേനയും റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയതിനു ശേഷമുള്ള പരാതികൾ ബന്ധപ്പെട്ട തഹസീൽദാർ (എൽ.ആർ) മുഖേനയും മുൻഗണനാക്രമത്തിൽ പരിഹരിക്കുന്നതാണ്. നിയമാനുസൃതമുള്ള നോട്ടീസ് കാലാവധി, അപ്പീൽ കാലാവധി എന്നിവ അനുസരിച്ചുള്ള സമയ പരിധി കൂടി കണക്കിലെടുത്ത് പരാതി തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നിയമസഭ നമ്പർ | കാലയളവ് | റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 3 | 03-03-1967 to 26-06-1970 | 0 | |
| 4 | 04-10-1970 to 22-03-1977 | 0 | |
| 5 | 22-03-1977 to 30-11-1979 | 0 | |
| 6 | 25-01-1980 to 17-03-1982 | 0 | |
| 7 | 25-05-1982 to 25-03-1987 | 2 | |
| 8 | 25-03-1987 to 5-04-1991 | 115 | |
| 9 | 21-06-1991 to 14-05-1996 | 455 | |
| 10 | 14-05-1996 to 16-05-2001 | 119 | |
| 11 | 16-05-2001 to 24-05-2006 | 63 | |
| 12 | 24-05-2006 to 14-5-2011 | 64 | |
| 13 | 15-05-2011 to 24/5/2016 | 61 | |
| 14 | 25-5-2016 to 31/7/2017 | 6 | |
| ആകെ | | 885 | |

സെക്ഷൻ ഓഫീസർ